# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മമ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM10/810/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മമ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM10/810/2022 തീയ്യതി: 03/06/2022

## മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-06-2019 മുതൽ 20-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-03-2022 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-03-2022 | 31-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ സത്താർ സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി അസീന എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻ ഫൈസൽ ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സക്കീന കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശമീന കാഞ്ഞിരാല | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി റഹിയാൻബി കെ | സെക്രട്ടറി | 01-04-2019 | 02-09-2019 |
| ശ്രീ.മുരളീധരൻ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2019 | 03-12-2019 |
| ശ്രീ.അവിസന്ന പി | സെക്രട്ടറി | 04-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജയലേഖ കെ.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ.മുരളീധരൻ പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 24-07-2019 | 31-03-2020 |
| ശ്രീ.ശ്രീകാന്ത് കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 05-12-2019 |
| ശ്രീ.അലി ഫൈസൽ കെ.ടി | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 23-01-2020 | 31-03-2020 |
| ശ്രീ.ഷിഹാദ് എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ധന്യശ്രീ പി | മെഡിക്കൽ ഓഫീസർ, പി.എച്.സി | 01-04-2019 | 31-03-2020 |
| ഡോ.അബ്ദുൽ നാസർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ഷൗക്കത്തലി | വെറ്ററിനറി സർജൻ | 01-04-2019 | 17-08-2019 |
| ഡോ.സൂരജ് സി | വെറ്ററിനറി സർജൻ | 18-08-2019 | 31-03-2020 |
| ശ്രീ.പ്രശാന്ത് എൻ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷഹർബാൻ | ഹെഡ് മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| ശ്രീമതി മുഹ്സിന കെ.സി | ഹെഡ് മിസ്ട്രസ്സ് ഇൻ-ചാർജ് | 01-06-2019 | 05-06-2019 |
| ശ്രീമതി ജയമ്മ മാത്യു | ഹെഡ് മിസ്ട്രസ്സ് | 06-06-2019 | 31-03-2020 |
| ശ്രീ.ശ്രീകാന്ത് കെ.പി | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 06-12-2019 | 22-01-2020 |
| ശ്രീമതി മൃദുല കെ | ഐ.സി.ഡി.എസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |

.,.,.

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sakeena K (Auditor, On 23-03-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sakeena K (Auditor, On 23-03-2022)<br>Last Updated By: Sakeena K (Auditor, On 27-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 16-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Sakeena K (Auditor, On 01-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Sathar C.P (Audit Officer, On 22-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 26-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന-അപാകതകൾ<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-11 |
| 12 | 01.04.19 മുതൽ 10.08.19വരെയുള്ള വിവിധ രേഖകൾ പ്രളയത്തിൽ നശിച്ചതിനാൽ പിരിശോധനാ വിധേയമാക്കിയിട്ടില്ല<br>Written By: Abdul Sathar C.P (Audit Officer, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-12 |
| 13 | ഗ്രാമപഞ്ചായത്തിന്റെ റൂമുകൾക്ക് വാടക ഈടാക്കിയില്ല<br>Written By: Sakeena K (Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-13 |
| 14 | വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ<br>Written By: Sakeena K (Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Sakeena K (Auditor, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-15 |
| 16 | പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം പ്രളയത്തിനു ശേഷം പുനരാരംഭിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| | Written By: ASEENA.A.P (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | |
| 17 | സ്ലീറ്റ് ടാപ്പുകളുടെ എണ്ണം കണക്കാക്കാതെ വെള്ളക്കരം അടവാക്കുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-17 |
| 18 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-18 |
| 19 | MGNREGS ഓഫീസിലേക്ക് കംപ്യൂട്ടറുകളും പ്രിന്ററും വാങ്ങൽ - മുൻകൂർ തുക നൽകി- സാധനങ്ങൾ ലഭ്യമായിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: ASEENA.A.P (Asst. Audit Officer, On 28-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-20 |
| 21 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.<br>Written By: Abdul Sathar C.P (Audit Officer, On 21-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-21 |
| 22 | പി.എച്ച്.സി-കമ്പ്യൂട്ടർ-സ്റ്റോക്ക്-അപാകതകൾ<br>Written By: Abdul Sathar C.P (Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-22 |
| 23 | പി.എച്ച്.സി- വൗച്ചറുകൾ ഹാജരാക്കിയില്ല.<br>Written By: Abdul Sathar C.P (Audit Officer, On 30-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-23 |
| 24 | ഓഡിറ്റ് നിർദ്ദേശം- ഡ്രൈനേജ് വൃത്തിയാക്കൽ-സ്ലാബ് നീക്കം ചെയ്യുന്നതിന് അധികം നൽകിയ 12900/- രൂപ അടവാക്കി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-24 |
| 25 | മെറ്റീരിയൽ കളക്ഷൻ സെന്റർ- ഉപയോഗപ്പെടുത്തുന്നില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-25 |
| 26 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-26 |
| 27 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് അധിക തുക നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-27 |
| 28 | മമ്പാട് നോർത്ത് ജി.എൽ.പി.സ്കൂൾ മെയിന്റനൻസ്- നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 1-28 |
| 29 | ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് അധിക തുക നൽകി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-28-1 |

| | | |
|---|---|---|
| 30 | കരാർ കാലാവധിക്കള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-28-2 |
| 31 | പൊതുമരമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-29 |
| 32 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-30 |
| 33 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Sakeena K (Auditor, On 01-04-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 1-31 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Sakeena K (Auditor, On 27-03-2022) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Sakeena K (Auditor, On 27-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-8 |
| 9 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 17-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 27-03-2022)<br>Last Updated By: Unni.P (Deputy Director, On 01-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 27-03-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 17-05-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 ലെ ബജറ്റ് 12.02.2019 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 17.03.2020 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 31-5-2020 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 21297347 |
| വരവ് | 88081662 |
| ആകെ | 109379009 |
| ചെലവ് | 85437616 |
| നീക്കിയിരിപ്പ് | 23941393 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18131926 | 18131926 | 15245804 | 2886122 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8592440 | 8592440 | 3352549 | 5239891 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2681409 | 2681409 | 1042313 | 1639096 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10013000 | 10013000 | 5937562 | 4075438 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5105000 | 5105000 | 3668478 | 1436522 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13366295 | 13366295 | 5044071 | 8322224 |
| ബി ഫണ്ട് | 0 | 27898220 | 27898220 | 27898220 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 139856031 | 163 | 70363241 | 0 | 132 | 50.31% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6894 | 929389 | 936283 | 642114 | 294169 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 32178921 | 32178921 | 32178921 | 0 |

## 1-7 ക്ഷേമ പദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 500520 | 306 |
| കർഷക തൊഴിലാളി പെൻഷൻ | 2176800 | 759 |
| വിധവാ പെൻഷൻ | 9213600 | 3114 |
| വാർദ്ധക്യകാല പെൻഷൻ | 12653700 | 4189 |
| വികലാംഗ പെൻഷൻ | 3119600 | 1048 |
| പെൻഷൻ- 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്ക് | 234000 | 171 |
| ആകെ | 27898220 | |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.2022 ന് 10.30 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 44 345/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം പ്രതിവർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.

3. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. GO(P) No.177/2006/FIN Dt 12.4.06 പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പല നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. (ഉദാ:- മെഡിക്കൽ ഓഫീസർമാർ, കൃഷി ഓഫീസർ, അസി. സെക്രട്ടറി). എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും പ്രൊജക്ട് രജിസ്റ്റർ നൽകി എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.

5. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യുന്നില്ല.

6. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58(4), 82(2) എന്നിവ പ്രകാരം നടത്തുന്നില്ല.

7. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. പട്ടിക വർഗ ഫണ്ടുകൾ ലാപ്സാവുന്നത് വളരെ ഗുരുതരമായ പ്രശ്നമായി നിലനിൽക്കുന്നു. പ്രസ്തുത കാര്യത്തിൽ അതീവ

ജാഗ്രത പുലർത്തേണ്ടതാണ്.

9. പഞ്ചായത്ത് ഓഫീസിലും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലും മറ്റും വാങ്ങുന്ന ഫർണിച്ചർ, ഉപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവക്ക് നമ്പർ നൽകുകയും പ്രസ്തുത നമ്പർ അപ്രകാരം വാങ്ങിയ വസ്തുക്കളിലും ഇൻവോയ്സ്/ബില്ലുകളിലും സ്റ്റോക്ക് എൻട്രിയായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ വിവിധ പ്രൊജക്ടുകൾ വഴിയും മറ്റും വാങ്ങിയ വസ്തുക്കളുടെ സ്റ്റോക്ക് കൈകാര്യം ചെയ്തതിൽ ഇക്കാര്യങ്ങൾ പാലിച്ചിട്ടില്ല.

10. ഔദ്യോഗികമായി അച്ചടിക്കുന്ന നോട്ടീസ്, ബ്രോഷർ തുടങ്ങിവയിൽ ഫയൽ നമ്പർ, അച്ചടിച്ച പ്രസിന്റെ പേര്, കോപ്പികളുടെ എണ്ണം തുടങ്ങിയവ ചേർക്കേണ്ടതാണെങ്കിലും, സെക്രട്ടറി, മെഡിക്കൽ ഓഫീസർ, വെറ്ററിനറി സർജൻ തുടങ്ങിയവർ പ്രിന്റ് ചെയ്ത നോട്ടീസുകളിലൊന്നും ആയത് ചേർത്തിട്ടില്ല.

11. അഗതി രഹിത കേരളം പദ്ധതിക്ക് അനുവദിച്ച തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകൾ വിനിയോഗിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.02.2022 | 01.12.2021 മുതൽ 31.01.2022 വരെ | 19.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.2016 മുതൽ | 2011-12 മുതൽ 2015-16 വരെ | 07.10.2016 |

## 1-11 വാർഷിക കണക്ക് പരിശോധന-അപാകതകൾ

2019-20 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (6112665) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (2644046) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ഓഡിറ്റ് റിക്കവറി ഇനത്തിൽ 30940/-രൂപ ധനകാര്യ പത്രികയിൽ ബുക്ക് ചെയ്തിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ചാർജ് സർചാർജ് സർട്ടിഫിക്കറ്റിലൂടെ ഈടാക്കുന്ന തുകയാണ് Recovery From Employee എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ പ്രസ്തുത ശീർഷകത്തിൽ വിവിധ ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ട് പ്രകാരം ഈടാക്കിയ തുകയും ഉൾപ്പെട്ടിട്ടുണ്ട്.

4. വാടക ഇനത്തിൽ രജിസ്റ്റർ പ്രകാരം 4540/-രൂപയുടെ കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15) കുടിശ്ശിക ബുക്ക് ചെയ്തിട്ടില്ല.

5. തൊഴിൽ നികുതി (ട്രെഡേഴ്സ്) ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, തുകയിൽ താഴെ പറയും പ്രകാരം വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർപ്രകാരം തുക |
|---|---|---|
| ഡിമാന്റ് | 299280 | 296830 |
| കളക്ഷൻ | 308380 | 296830 |
| ബാലൻസ് | 9100 | 0 |

6. വ്യാപാര ലൈസൻസ് ഇനത്തിലെ ഡിമാന്റ്, കളക്ഷൻ, തുകയിൽ താഴെ പറയും പ്രകാരം വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | വാർഷിക ധനകാര്യ പത്രിക പ്രകാരം തുക | ഡിമാന്റ് രജിസ്റ്റർപ്രകാരം തുക |
|---|---|---|
| ഡിമാന്റ് | 176000 | 161950 |
| കളക്ഷൻ | 232450 | 161950 |
| ബാലൻസ് | 56450 | 0 |

7. 2019-20 സാമ്പത്തിക വർഷത്തെ AFS B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 479750/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പ് (RP40(b)) 567097/-രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

8.അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട്.

9.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിന് മുമ്പ് ആർജ്ജിച്ച ആസ്തികളുടെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. Water Charge For Street Tap ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 334692/-രൂപയാണ് ചെലവുള്ളത്. എന്നാൽ സ്ട്രീറ്റ് ടാപ്പ് വെള്ളക്കരം അടവാക്കിയ രജിസ്റ്റർ, 2019-20 ചെലവ് വൗച്ചർ പ്രകാരവും ഈ ഇനത്തിലെ ചെലവ് 446256/- രൂപയാണ്.

11. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58(4)എ പ്രകാരമുള്ള സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും നടത്തിയിട്ടില്ല. B-14 Stock In Hand (Inventories).

12. അക്കൗണ്ട്സ് റൂളിലെ, ചട്ടം 6(5) കുറിപ്പ് പ്രകാരം ഓരോ ദിനാന്ത്യത്തിലും ക്യാഷ് ബുക്കിന്റെയും ബാങ്ക് ബുക്കിന്റെയും പ്രിന്റെടുത്ത് സെക്രട്ടറി ആധികാരികമാക്കേണ്ടതുണ്ട്.

13. നിക്ഷേപ പ്രവൃത്തികൾക്ക് വിവിധ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. KSEB യിലേക്ക് 3,00,000/- രൂപയും KWA യിലേക്ക് 2,40,000/- രൂപയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (12/25-3-22) അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-12 01.04.19 മുതൽ 10.08.19വരെയുള്ള വിവിധ രേഖകൾ പ്രളയത്തിൽ നശിച്ചതിനാൽ പിരിശോധനാ വിധേയമാക്കിയിട്ടില്ല

2019 ആഗസ്റ്റ് മാസത്തെ പ്രളയം പൂർണ്ണമായി ബാധിച്ച പഞ്ചായത്താണ് മമ്പാട് ഗ്രാമ പഞ്ചായത്ത്. ആഗസ്റ്റ് 8, 9, 10 തീയതികളിൽ ഗ്രാമ പഞ്ചായത്ത് കെട്ടിടത്തിന്റെ താഴത്തെ നില, MNREGS ഓഫീസ്, ലൈബ്രറി എന്നിവ പൂർണ്ണമായും വെള്ളത്തിൽ മുങ്ങുകയും അതുവരെയുണ്ടായിരുന്ന വൗച്ചറുകൾ, സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയലുകൾ, സാംഖ്യാ രസീതുകളുടെ കൗണ്ടർഫോയിലുകൾ, ഉപയോഗിക്കാത്ത രസീതുകൾ, ബിൽ രജിസ്റ്റർ, ഡോപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ, വിവിധ കമ്മിറ്റി മിനട്സുകൾ, കെട്ടിട നിർമ്മാണ പെർമിറ്റ്, ക്ഷേമ പെൻഷനുകൾ സംബന്ധിച്ച ഫയലുകൾ തുടങ്ങിയ പ്രധാനപ്പെട്ട എല്ലാ രേഖകളും തിരിച്ച് കിട്ടാനാവാത്ത വിധം നശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നഷ്ടം സംബന്ധിച്ച റിപ്പോർട്ട് എ1-6001/2019/15.10.19 നമ്പർ കത്തിലൂടെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയത്തിനെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെയും അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.

ആയതിനാൽ 2019-20 വർഷത്തെ ഓഡിറ്റിൽ ആഗസ്റ്റ് 10 വരെയുള്ള മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല.

## 1-13 ഗ്രാമപഞ്ചായത്തിന്റെ റൂമുകൾക്ക് വാടക ഈടാക്കിയില്ല

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019 -20 വർഷത്തെ വാടക വരുമാനം സംബന്ധിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ എസ് ഇ ബിയ്ക്ക് നൽകിയ ഗ്രാമപഞ്ചായത്തിന്റെ റൂമുകൾക്ക് വാടക ഈടാക്കിയിട്ടില്ല.

മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 18-01-2016 ലെ 7-ാം നമ്പർ തീരുമാനപ്രകാരം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് സ്ഥലസൗകര്യം നൽകാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11-03-2016 ന് കെട്ടിട നം. 188 മുതൽ 203 വരെയുള്ള 16 റൂമുകൾ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് താത്കാലികമായി അനുവദിച്ചിട്ടുണ്ട്. പിന്നീട് ഭരണസമിതിയുടെ 07.10.2016 ലെ 13-ാം നം തീരുമാനപ്രകാരം വാടക ഒഴിവാക്കി കെട്ടിടം നൽകാനാവില്ലെന്നും ആയത് അനുവദിച്ച കാലം തൊട്ടുള്ള വാടക നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നം. 2230/16 തി. 14.11.16 ലെ കത്തിലൂടെ അപേക്ഷ ഉചിതമാർഗ്ഗേന വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ടെന്നും രേഖകൾ പരിശോധിച്ചതിൽ വ്യക്തമായി. (ഇത് 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 2-6 ആയി പരാമർശിച്ചിട്ടുണ്ട്).

എന്നാൽ 2019 ഓഗസ്റ്റ് മാസം വരെ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വാടക ഈടാക്കാതെയാണ് ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിച്ച വന്നത്. പ്രളയം മൂലം ടി കെട്ടിടത്തിന് കേട്പാടുകൾ വന്നത് മൂലം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വാടക ഒഴിയുകയും മറ്റൊരു കെട്ടിടത്തിലേക്ക് മാറുകയും ചെയ്തു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/25-3-22) കെ.എസ്.ഇ.ബി യുമായി ഗ്രാമപഞ്ചായത്ത് വാടക കരാർ ഉണ്ടാക്കിയിട്ടില്ലെന്നും ആയതിനാൽ വാടകത്തുക നൽകാനാവില്ലെന്നുമാണ് കെ.എസ്.ഇ.ബിയുടെ മേഖല കാര്യാലയത്തിൽ നിന്ന് അറിയിച്ചിട്ടുള്ളത് എന്നും ഇതുമായി സർക്കാറിലേക്ക് അയച്ച കത്തിന്റെ തുടർനടപടി വിവരങ്ങൾ ലഭ്യമല്ല എന്നുമാണ് അറിയിച്ചത്. ടി കെട്ടിടത്തിന്റെ കേടുപാടുകൾ തീർത്ത് ടി കെട്ടിടത്തിൽ ഒഴിഞ്ഞു കിടക്കുന്ന റൂമുകൾ ലേലം ചെയ്തു നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ -അപാകതകൾ

പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ സംബന്ധിച്ച രജിസ്റ്ററുകളും അനുബന്ധ അപേക്ഷകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 31-10-2017 ലെ GO (P) No 80/2017/LSGD പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം സ്ഥാപനങ്ങളെ അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തരം തിരിക്കുന്നതിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചിട്ടായിരിക്കണം ലൈസൻസ് ഫീസ് ഈടാക്കേണ്ടത് എന്നു വ്യക്തമാക്കുന്നു. എന്നാൽ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ ലൈസൻസ് നൽകിയത് വിറ്റുവരവിന്റെ അടിസ്ഥാനത്തിലായിട്ടാണ് കാണുന്നത്.

2. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കിയതായി കാണുന്നില്ല.
(സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്തിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്).

3. സ്ഥാപനങ്ങളുടെ വിശദാംശങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ്/ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205ഇ വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണ പ്രദേശത്തുള്ള സ്ഥാപനങ്ങളുടെ പേരുകളും, മേൽവിലാസങ്ങളും ഉൾപ്പെടുത്തി ഒരു രജിസ്റ്റർ/ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. വ്യാപാര ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ കാര്യക്ഷമമായ പിരിവിന് സഹായകമാകുന്നതാണ് ഈ രേഖ. എന്നാൽ ഇങ്ങനെയുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

4.പുതിയതായി നൽകുന്ന ലൈസൻസുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല.

സ്ഥാപനങ്ങൾക്ക് പുതിയതായി ലൈസൻസ് നൽകുമ്പോൾ ആ വസ്തുത വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 ലെ വ്യാപാര ലൈസൻസ് രജിസ്റ്ററിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. ഇതു കാരണം ലൈസൻസ് പുതിയതായി അനുവദിച്ചതാണോ അല്ലെങ്കിൽ പുതുക്കി നൽകിയതാണോ എന്ന് വ്യക്തമാകാത്ത സാഹചര്യമുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/25-3-22) 2018-19 മുതൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ രേഖകളിൽ നിന്നും ആയത് ബോധ്യപ്പെട്ടിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല.

പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. BSNL ൽ നിന്നും ഒന്ന്, രണ്ട് അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ജീവനക്കാരുടെ /സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | ഫാത്തിമ ബ്രിക്സ്, താന | രണ്ട് |
| 2 | ക്ഷീരസഹകരണസംഘം, ഓടായിക്കൽ | ഒന്ന്, രണ്ട് |

3. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. 2019-20 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 3031/19-20 | പി.കെ റബ്വുഡ്, താന | 4 |
| 2 | 7436/19-20 | ഏഷ്യൻ ഇന്റസ്ട്രീസ്, താന | 3 |
| 3 | 1843/19-20 | എ.പി.ജെ റോക്ക് മെറ്റൽസ്, കാട്ടുപൊയിൽ | 4 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/25-3-22) സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്.
കേരള പഞ്ചായത്ത് രാജ് ആക്റ്റ്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം പ്രളയത്തിനു ശേഷം പുനരാരംഭിച്ചിട്ടില്ല

30.03.22 ന് നടത്തിയ ഭൗതിക പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് കാണുന്നു. ഒരു പാർട്ട് ടൈം ലൈബ്രേറിയൻ തസ്തിക നിലവിലുള്ളതും 2019-20 വർഷത്തിൽ 13300/-രൂപ അടിസ്ഥാന ശമ്പളത്തോടുകൂടി പാർട്ട് ടൈം ലൈബ്രേറിയൻ പ്രവർത്തിക്കുന്നുമുണ്ട്.

2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് ലൈബ്രറിയിലെ പുസ്തകങ്ങളും രജിസ്റ്ററുകളും പൂർണ്ണമായും നശിച്ചുപോയതും ആയതിനു ശേഷം നാളിതുവരെ പ്രവർത്തനം പുനരാരംഭിച്ചിട്ടില്ലാത്തതുമാണ്.

2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പുസ്തകങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും, ലൈബ്രേറിയനെ നികുതി പിരിവ് ഉൾപ്പെടെ പഞ്ചായത്തിലെ വിവിധ ഡ്യൂട്ടികൾക്ക് നിയോഗിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.22/19-20/30.03.22) ക്ക് മറുപടി നൽകിയിട്ടുണ്ട്.
ലൈബ്രറിയുടെ പ്രവർത്തനം പുനരാരംഭിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം കണക്കാക്കാതെ വെള്ളക്കരം അടവാക്കുന്നു

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടവ് രജിസ്റ്റർ, 9/19 മുതൽ 3/20 വരെയുള്ള തനത് ഫണ്ട് വൗച്ചർ, ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ വെള്ളക്കരം അടവ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2019-20 ൽ സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 446256/- രൂപ (ഒരു മാസത്തെ വെള്ളക്കരം - 37188/-) ചെലവഴിച്ചിട്ടുണ്ട്. കുടിശ്ശിക ഉള്ളതായി കാണുന്നില്ല. എന്നാൽ വാർഷിക കണക്കിൽ 9മാസത്തെ വെള്ളക്കരമായ 334692/-രൂപ മാത്രമാണ് ചെലവായി കാണിച്ചിട്ടുള്ളത്. ആയത് പരിശോധിച്ച് പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) വെള്ളക്കരം അടവ് മാർഗ്ഗരേഖ (ജി.ഒ (ആർ.ടി) 1501/2006/ത.സ്വ.ഭ.വ 23.06.2006) പ്രകാരം കേരള വാട്ടർ അതോറിറ്റി നൽകിയിട്ടുള്ള ഡിമാന്റ് നോട്ടീസിൽ മമ്പാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 85 ടാപ്പുകളുള്ളതായാണ് കാണിച്ചിട്ടുള്ളത്. ജി.ഒ (ആർ.ടി) 2242/2011/ത.സ്വ.ഭ.വ/28.09.2011 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് വെള്ളക്കരം അടവാക്കേണ്ടത്. ഇപ്രകാരമുള്ള സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, തെരുവ് ടാപ്പുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ, പഞ്ചായത്ത് പരിധിയിൽ ആകെ നിലവിൽ എത്ര തെരുവ് ടാപ്പുകളുണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ രജിസ്റ്ററുകളും ഫയലുകളും പ്രളയത്തിൽ നശിച്ചതിനാൽ സംയുക്ത പരിശോധന നടത്തിയതായി അറിയാൻ കഴിയുന്നില്ലെന്നും, സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/19-20/26.03.22) മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ തെരുവ് ടാപ്പുകൾക്ക് മാത്രം വെള്ളക്കരം അടവാക്കേണ്ടതും പാഴ്ചെലവ് വരുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

താഴെ പറയുന്ന ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനായി എഗ്രിമെന്റ് വെച്ച് ആദ്യ ഗഡു തുക കൈപ്പറ്റി വീട് നിർമ്മാണം പൂർത്തീകരിക്കാതെ കാണുന്നു.

| ക്രമ നം. | പേര് | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക, ബിൽ നം./ചെക്ക് നം. |
|---|---|---|---|
| 1 | സൗദാബി. W/oഅബ്ദുൽറഹീം, കണ്ണത്ത്, പുള്ളിപ്പാടം, മമ്പാട് | 29.05.18 | 40000 (03/30.05.18) |
| 2 | സക്കീന. കൊറ്റിനിക്കൽ വീട്, തൃക്കൈകുന്ന്, കാപ്പിൽ | 15.12.18 | 40000 (12768/29.03.19) |
| 3 | ഷംസീന. W/oസമീർ, തങ്കയത്ത് വീട്, പുള്ളിപ്പാടം, കരിക്കാട്ടുമണ്ണ | 25.11.19 | 40000 (11/09.12.19) |

ക്രമ നം.1, 2 ഗുണഭോക്താക്കൾക്ക് പ്രളയം മൂലം വീട് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ലെന്നും ഇപ്പോൾ ആരംഭിച്ചിട്ടുണ്ടെന്നും, ക്രമ നം.3 ഗുണഭോക്താവ് തറ നിർമ്മാണം പൂർത്തിയാക്കി രണ്ടാം ഗഡു നൽകിയിട്ടുണ്ടെന്നും, ഭവന നിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്നതിനുള്ള സാഹചര്യം അറിയിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/19-20 26.03.22) മറുപടി നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-19 MGNREGS ഓഫീസിലേക്ക് കംപ്യൂട്ടറുകളും പ്രിന്ററും വാങ്ങൽ - മുൻകൂർ തുക നൽകി- സാധനങ്ങൾ ലഭ്യമായിട്ടില്ല

CPCRS മുഖേന MGNREGS ഓഫീസിലേക്ക് കെൽട്രോണിൽ നിന്ന് 4 കമ്പ്യൂട്ടറുകളും ഒരു പ്രിന്ററും വാങ്ങുന്നതിനായി 175242/-രൂപ തനത്ഫണ്ടിൽ നിന്നും കേരളാ സ്റ്റേറ്റ് ഐ.ടി മിഷന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ സാധനങ്ങൾ ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു. (നിർവ്വഹണം – സെക്രട്ടറി)

| ഇനം | പ്രഫോർമ ഇൻവോയിസ് നം. | തുക | ചെക്ക് നം. തീയതി |
|---|---|---|---|
| A4 Multi Function Printer- Medium End-Ubuntu (1 Nos *14726) | TVM/RTBG/PI/RC /10509/19-20/30.10.19 | 54855 | 3062238/31.01.20 |
| Desktop- Intel Processor- Medium End- Windows 10 (1 Nos* 40129) | | | |
| Desktop- Intel Processor- Medium End- Windows 10 (3 Nos* 40129) | TVM/RTBG/PI/RC /14317/19-20/22.01.20 | 120387 | 1907758/26.03.20 |
| ആകെ | | 175242 | |

വില വർദ്ധിച്ചതിനാൽ മേൽ റേറ്റിൽ വിതരണം ചെയ്യാൻ കഴിയില്ലെന്നും അടവാക്കിയ തുക റീഫണ്ട് ചെയ്യുന്നതിന് ഐ.ടി മിഷന് കെൽട്രോൺ കത്ത് നൽകിയിട്ടുണ്ടെന്നും തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് റീഫണ്ട് ആകുന്നതാണെന്നും കെൽട്രോൺ അറിയിച്ചതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/19-20 /22.03.22) മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ഇടാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ 175242/-രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. പേര് | ചെലവ് തുക | ബിൽ / ചെക്ക് | ഏജൻസി |
|---|---|---|---|---|
| 1 | 153/19-20<br>തോട്ടിൻകര KWAപൈപ്പ് ലൈൻ നീട്ടൽ | 100000<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 23/16.01.20 | KWAമലപ്പുറം |
| 2 | 154/19-20<br>ടാണ KWA പൈപ്പ് ലൈൻ നീട്ടൽ | 100000<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 24/16.01.20 | KWAമലപ്പുറം |
| 3 | 156/19-20<br>നടുവക്കാട് KWA പൈപ്പ് ലൈൻ നീട്ടൽ | 40000<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 22/21.01.20 | KWAമലപ്പുറം |

മേൽ പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കി റിപ്പോർട്ട് ചെയ്യുന്നത് വരെ 240000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിര സഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്യുന്നുണ്ട്.

മമ്പാട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ചട്ട പ്രകാരം ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 /21-3-2022ന്, നിധി രൂപീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. ദുരിതാശ്വാസ നിധി രൂപീകരണ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-22 പി.എച്ച്.സി-കമ്പ്യൂട്ടർ-സ്റ്റോക്ക്-അപാകതകൾ

1) പ്രൊ. നം. 275/20: പ്രളയാനന്തരം പി.എച്ച്.സി. ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ (തനതു ഫണ്ട്)
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെക്ക് നമ്പർ : JN -1437201/ 18-3-20 Rs. 66,308

ചെക്ക് നമ്പർ : JN -1437202/ 27-3-20 Rs. 29,702

TOTAL : 96,010

ഈ പ്രൊജക്ട് മുഖേന പി. എച്ച്. സി. ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവ വാങ്ങിയ ഇൻവോയ്സുകളിൽ, സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. കമ്പ്യൂട്ടറുകൾ, ഫർണിച്ചർ, ഉപകരണങ്ങൾ തുടങ്ങിയവ പുതുതായി വാങ്ങുമ്പോൾ അവയ്ക്ക് പ്രത്യേകം നമ്പർ നൽകുകയും, പ്രസ്തുത നമ്പർ ടി ഉപകരണങ്ങളിലും ഇൻവോയ്സിലും സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതുപോലെ ഇത്തരം വസ്തുക്കൾ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റുമ്പോഴോ ഉപയോഗശൂന്യമായി ഒഴിവാക്കുമ്പോഴോ അല്ലാതെ സ്റ്റോക്കിൽ നിന്നും ഇഷ്യൂ കാണിച്ച് ഒഴിവാക്കാൻ പാടില്ല. മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റുമ്പോൾ, ആ സ്ഥാപനത്തിന് ഇഷ്യൂ നോട്ട് നൽകുകയും അതിൽ കൈപ്പറ്റുന്ന സ്ഥാപനത്തിന്റെ സ്റ്റോക്ക് വിവരം ഇതുപോലെ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരം നടപടികൾ പാലിച്ചതായി കാണുന്നില്ല.

ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/ 25-3-2022ന് ടി അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഇൻവോയ്സിലും സ്റ്റോക്ക് രജിസ്റ്ററിലും കമ്പ്യൂട്ടറുകളിലും നമ്പർ രേഖപ്പെടുത്തിയ വിവരം അറിയിക്കേണ്ടതാണ്.

## 1-23 പി.എച്ച്.സി- വൗച്ചറുകൾ ഹാജരാക്കിയില്ല.

1) പ്രൊ. നം. 198/20: IEC ആവശ്യത്തിലേക്ക് പ്രൊജക്ടർ, ലാപ്ടോപ്പ് ആന്റ് മൈക്ക് സെറ്റ് വാങ്ങൽ (SO)- (MG-NR) നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നമ്പർ : 2/18-19/ 30-4-19 Rs. 1,47,988

ഈ പ്രൊജക്ട് മുഖേന 1,47,988 രൂപ ചെലവഴിച്ചതായി ട്രഷറി ബിൽ ബുക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം കാണുന്നു. എന്നാൽ ടി ചെലവ് രേഖകൾ ഒന്നും തന്നെ ഓഡിറ്റിനു ഹാജരാക്കിയില്ല.

ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/ 25-3-2022ന് ലഭിച്ച മറുപടിയിൽ, ടി രേഖകൾ മുൻ വർഷത്തെ ഓഡിറ്റിനു ഹാജരാക്കിയിരുന്നു എന്നും, 2019 ഓഗസ്റ്റ് മാസത്തിലുണ്ടായ മഹാ പ്രളയത്തിൽ അവ നഷ്ടപ്പെട്ടുവെന്നും, അക്കാര്യം പഞ്ചായത്ത് കാര്യാലയം, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ അറിയിച്ചിട്ടുണ്ടെന്നും പറഞ്ഞിരിക്കുന്നു. രേഖകൾ നഷ്ടമായിട്ടുണ്ടെങ്കിൽ, ഈ പദ്ധതി പ്രകാരം വാങ്ങിയവയിൽ പി.എച്ച്.സി.യിൽ അവശേഷിക്കുന്ന ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്ത് പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.

## 1-24 ഓഡിറ്റ് നിർദ്ദേശം- ഡ്രൈനേജ് വൃത്തിയാക്കൽ-സ്ലാബ് നീക്കം ചെയ്യുന്നതിന് അധികം നൽകിയ 12900/- രൂപ അടവാക്കി

| | |
|---|---|
| പ്രൊജക്ട് | കോളേജ് റോഡ് ഡ്രൈനേജ് വൃത്തിയാക്കൽ (266/20) |
| അടങ്കൽ/ ചെലവ് | 175000/ 107738 |
| വൗച്ചർ | 38,39/2019-20/18.12.2019 |

മമ്പാട് ടൗൺ - പുളിക്കൽപടി റോഡ് ഡ്രൈനേജിലെ മണ്ണ് നീക്കം ചെയ്യുന്നതിനാണ് അസി. എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ മേൽ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. ഡ്രൈനേജിന് കവറിംഗ് സ്ലാബ് ഉള്ള ഭാഗത്ത് ആയത് നീക്കുക, മണ്ണ് നീക്കം ചെയ്യുക, കവറിംഗ് സ്ലാബ് തിരികെ സ്ഥാപിക്കുക, കവറിംഗ് സ്ലാബ് ആവശ്യമുള്ള ഇടങ്ങളിൽ ആയത് സ്ഥാപിക്കുക എന്നീ ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിട്ടുള്ളത്. ആയതിൽ കവറിംഗ് സ്ലാബ് നീക്കം ചെയ്യുന്നതിനും, കവറിംഗ് സ്ലാബ് തിരികെ സ്ഥാപിക്കുന്നതിനും വേണ്ടി തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റയിൽ നിരക്ക് അധികമാണെന്ന് കണ്ടു. മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ [Enquiry Number : 9/25-03-2022] 12900/- രൂപ 1210300942/ 31.03.2022 രസീതി പ്രകാരം അടവാക്കി.

## 1-25 മെറ്റീരിയൽ കളക്ഷൻ സെന്റർ- ഉപയോഗപ്പെടുത്തുന്നില്ല.

| ക്രമ നം. | പ്രൊജക്ട് | അടങ്കൽ/ ചെലവ് |
|---|---|---|
| 1 | പഞ്ചായത്ത് കോമ്പൗണ്ടിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ തുടങ്ങുന്നതിന് കെട്ടിട നിർമ്മാണം (SO 253/18) | 1038384/ 1037976 (CFC) |
| 2 | മമ്പാട് ഗ്രാമ പഞ്ചായത്ത് മെറ്റീരിയൽ കളക്ഷൻ സെന്റർ പൂർത്തീകരണം (SO267/20) | 1095000/ 1094493 (വികസന ഫണ്ട് + കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ആകെ ചെലവ് | | 2132469/- |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടുകൾ പ്രകാരം അജൈവ മാലിന്യം ശേഖരിക്കുന്നതിനും, തരം തിരിക്കുന്നതിനുമായി മേൽ പ്രൊജക്ട് പ്രകാരം മൊത്തം 2132469/- രൂപ ചെലവഴിച്ച് 134 $M^2$ വിസ്തീർണ്ണമുള്ള കെട്ടിടം (Cellar Floor 67 $M^2$ + Ground Floor 67 $M^2$) പഞ്ചായത്ത് കോമ്പൗണ്ടിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടം പ്രസ്തുത ആവശ്യത്തിനായി ഉപയോഗപ്പെടുത്താതെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുകയാണ്. കൂടാതെ അജൈവ മാലിന്യം ശേഖരിക്കുന്നതിനും, തരം തിരിക്കുന്നതിനുമായി പ്രതിമാസം 12451/- രൂപ ചെലവഴിച്ച് കെട്ടിടം വാടകക്ക് എടുക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ [Enquiry Number : 13/25-03-2022] പ്രളയാനന്തരം പ്രദേശവാസികളുടെ എതിർപ്പ് കാരണം പഞ്ചായത്ത് കോമ്പൗണ്ടിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തിക്കുന്നതിന് കഴിയില്ലെന്നും, പ്രസ്തുത കെട്ടിടം വയോക്ലബ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടം ഉപടയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ കരാറുകാരന്റെ വീഴ്ച മൂലം കരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട്: പാലക്കടവ് കണക്കൻകടവ് റോഡ് ടാറിംഗ്

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 69/AE/2017-18/15.12.2017<br>TS: LSGD/TS/2017-18/14517<br>M.Book No: 69/2017-18<br>PAC: 199548/-<br>Vr.No: 03/19-20/15.05.2019<br>സൈറ്റ് കൈമാറിയത്: 30.11.2017<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.03.2018<br>പൂർത്തീകരിച്ച തിയ്യതി: 27.03.2019<br>കരാറുകാരൻ: മുഹമ്മദാലി പി.ടി | 13791/-<br>[Ie, 01.04.18 To 30.06.18 (1%PAC)= 1995<br>01.07.18 To 30.09.18 (2%PAC) = 3991<br>01.10.18 To 31.12.18 (2%PAC) = 3991<br>01.01.19 To 27.03.19 (2%PAC) = 3814] |

അധികം നൽകിയ തുക 13791/-രൂപ ഈടാക്കേണ്ടതാണ്.

2. പ്രൊജക്ട്: കരിക്കാട്ടുമുണ്ണ കുടിവെള്ള പദ്ധതി പുനരുദ്ധാരണം

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 79/AE/2017-18/15.12.2017<br>TS: LSGD/TS/2017-18/30557<br>M.Book No: 69/2017-18<br>PAC: 161441/-<br>Vr.No: 17/19-20/17.07.2019<br>സൈറ്റ് കൈമാറിയത്: 15.12.2017<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.03.2018<br>പൂർത്തീകരിച്ച തിയ്യതി: 15.03.2019<br>കരാറുകാരൻ: മുഹമ്മദാലി പി.ടി | 10727/-<br>[Ie, 01.04.18 To 30.06.18 (1%PAC)= 1614<br>01.07.18 To 30.09.18 (2%PAC) = 3229<br>01.10.18 To 31.12.18 (2%PAC) = 3229<br>01.01.19 To 15.03.19 (2%PAC) = 2655] |

അധികം നൽകിയ തുക 10727/-രൂപ ഈടാക്കേണ്ടതാണ്.

3. പ്രൊജക്ട്: പള്ളിപ്പാടം ആയുർവേദാശുപത്രി പുനരുദ്ധാരണം.

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 83/AE/2017-18/15.12.2017<br>TS: LSGD/TS/2017-18/25282 | 13269/-<br>[Ie, 01.04.18 To 30.06.18 (1%PAC)= 1990 |

| | |
|---|---|
| M.Book No: 83/2017-18<br>PAC: 199034/-<br>Vr.No: 13/19-20/15.05.2019<br>സൈറ്റ് കൈമാറിയത്: 15.12.2017<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.03.2018<br>പൂർത്തീകരിച്ച തിയ്യതി: 16.03.2019<br>കരാറുകാരൻ: മുസ്ഥഫ കമാൽ | 01.07.18 To 30.09.18 (2%PAC) = 3981<br>01.10.18 To 31.12.18 (2%PAC) = 3981<br>01.01.19 To 16.03.19 (2%PAC) = 3317] |

അധികം നൽകിയ തുക 13269/-രൂപ ഈടാക്കേണ്ടതാണ്.

4. പ്രൊജക്ട്: പാലാപറമ്പ് മായിൻ കുട്ടി റോഡ് ടാറിംഗ്

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 104/AE/2017-18/19.02.18<br>TS: LSGD/TS/2017-18/14475<br>M.Book No: 104/2017-18<br>PAC: 329257/-<br>Vr.No: 46/19-20/18.01.2020<br>സൈറ്റ് കൈമാറിയത്: 19.02.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.06.2018<br>പൂർത്തീകരിച്ച തിയ്യതി: 24.05.2019<br>കരാറുകാരൻ: അനീസുദ്ധീൻ | 20370/-<br>[ie, 01.07.18 To 30.09.18 (1%PAC)= 3292<br>01.10.18 To 31.12.18 (2%PAC) = 6585<br>01.01.19 To 31.03.19 (2%PAC) = 6585<br>01.04.19 To 24.05.2019 (2%PAC) = 3908] |

അധികം നൽകിയ തുക 20370/-രൂപ ഈടാക്കേണ്ടതാണ്.

5. പ്രൊജക്ട്: കട്ടപ്പാറ, മേപ്പാടം, പുള്ളിപ്പാടം ഹെൽത്ത് സെന്ററുകളിൽ വുമൺ ഫ്രണ്ടിലി ടോയിലറ്റ് നിർമ്മാണം

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 68/AE/2017-18/14.12.2017<br>TS: LSGD/TS/2017-18/14475<br>M.Book No: 232/19-20<br>PAC: 296372/-<br>Vr.No: 41/19-20/26.12.2019<br>സൈറ്റ് കൈമാറിയത്: 28.12.2017<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.06.2018<br>പൂർത്തീകരിച്ച തിയ്യതി: 13.01.2020<br>കരാറുകാരൻ: ഷിയാസ് | 33445/-<br>[ie, 01.07.18 To 30.09.18 (1%PAC)= 2963<br>01.10.18 To 31.12.18 (2%PAC) = 5927<br>01.01.19 To 31.03.19 (2%PAC) = 5927<br>01.04.19 To 30.06.19 (2%PAC) = 5927<br>01.07.19 To 30.09.19 2%PAC) = 5927<br>01.10.19 To 31.12.19 (2%PAC) =5927<br>01.01.20 To 13.01.2020 (2%PAC) =847] |

അധികം നൽകിയ തുക 33445/-രൂപ ഈടാക്കേണ്ടതാണ്.

6. പഞ്ചായത്ത് കോമ്പൗണ്ടിൽ വനിതാ സൗഹൃത വിശ്രമ കേന്ദ്രം (238/20)

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 101/AE/2017-18/06.02.2018<br>TS: LSGD/TS/2017-18/88381<br>M.Book No: 101/17-18<br>PAC: 775183/-<br>Vr.No: 90/19-20/17.03.20 | 50686/-<br>[ie, 01.11.18 To 31.01.19 (1%PAC)= 7751<br>01.02.19 To 30.04.19 (2%PAC) = 15504<br>01.05.19 To 31.07.19 (2%PAC) = 15504<br>01.08.19 To 09.10.19 (2%PAC) = 11927] |

| | |
|---|---|
| സൈറ്റ് കൈമാറിയത്: 06.02.18<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.10.2018<br>പൂർത്തീകരിച്ച തിയ്യതി: 09.10.2019<br>കരാറുകാരൻ: മുഹമ്മദാലി പി ടി | |

അധികം നൽകിയ തുക 50686/-രൂപ ഈടാക്കേണ്ടതാണ്.

7. പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണം.

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| Agr.No: 97/AE/2017-18/19.01.2018<br>M.Book No: 97/2017-18<br>PAC: 1408443/-<br>Vr (Chq).No: 4896085/ 18.07.2019<br>സൈറ്റ് കൈമാറിയത്: 19.01.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.08.2018<br>പൂർത്തീകരിച്ച തിയ്യതി: 18.02.2020<br>കരാറുകാരൻ: മുസ്തഫ കമാൽ | 151519/-<br>[Ie, 01.09.18 To 30.11.18 (1%PAC)= 14084<br>01.12.18 To 28.02.19 (2%PAC) = 28168<br>01.03.19 To 31.05.19 (2%PAC) = 28168<br>01.06.19 To 31.08.19 (2%PAC) = 28168<br>01.09.19 To 30.11.19 (2%PAC) = 28168<br>01.12.19 To 18.02.20 (2%PAC) = 24763] |

അധികം നൽകിയ തുക 151519/-രൂപ ഈടാക്കേണ്ടതാണ്.

പിഴ ഈടാക്കാതെ കരാറുകാർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമപ്രകാരമല്ല. കൂടാതെ മേൽ പ്രവർത്തികൾ കരാർ പ്രകാരം കൊറോണ മൂലമുള്ള ലോക്ഡൗണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021/LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിനോ, 2019 ഓഗസ്റ്റിന് മുമ്പ് പൂർത്തീകരിക്കേണ്ടതിനാൽ പ്രളയം മൂലമുള്ള പരിഗണനകൾക്കോ അർഹമല്ല. ആയതിനാൽ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ഓഡിറ്റ് എൻക്വയറി 6/24.03.2022, 14/25.03.2022] ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം കരാറുകാരിൽ നിന്നും കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ വാങ്ങി ആയത് ഓഡിറ്റിന് സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത അപേക്ഷയിൽ സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും, കാലാവധി നീട്ടി നൽകണമെന്നും അപേക്ഷിക്കുയാണ് ചെയ്തിട്ടുള്ളത്.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാനുമാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ മറുപടി പരിഗണിക്കാൻ കഴിയില്ല. ഫൈൻ ഈടാക്കി ആയത് തനത് വരുമാനത്തിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് അധിക തുക നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവഹണം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.35 Mm GI/അലുമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന്റെ നിരക്ക് മാത്രമെ കണക്കാക്കിയിട്ടുള്ളൂ. ആയതിനാൽ 0.35 Mm കനമുള്ള ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ

ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു.

[പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.92 |
| Total | | | | | 396.73 |
| Add CPOH 15% | | | | | 59.51 |
| Cost Index 37.25% (Excluding MR) | | | | | 36.03 |
| Total | | | | | 492.27 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. പ്രൊജക്ട്: പുള്ളിപ്പാടം സ്കൂളിന് കഞ്ഞിപ്പുര (197/20)

| പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| TS No: 98611/2018-19 (Cost Index 37.25%)<br>Agri.No: 58/AE/18-19 /29.12.18 (Esti Rate)<br>M.Book No: 58/2018-19, 58A/2018-19<br>അടങ്കൽ/ ചെലവ്: 400000/ 373730<br>Vr.No: 54/2019-20/21.01.2020<br>കരാറുകാരൻ: മുസ്തഫ കമാൽ | 98.28 $M^2$<br>(Esti. Item No.II-2) | 60778/-<br>(@618.43/$m^2$) | 48380/-<br>(@492.27/$m^2$) | 12398/- |

പ്രവൃത്തിയിൽ 12398/-രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

2. പ്രൊജക്ട്: പന്തലിങ്ങൽ സ്കൂൾ കെട്ടിട നവീകരണം (263/20)

| പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ | നൽകിയ | നൽകാവുന്ന | അധികം |
|---|---|---|---|---|

| | അളവ് | തുക | തുക | |
|---|---|---|---|---|
| TS No: 111319/2018-19 (Cost Index 37.25%)<br>Agri.No: 119/AE/18-19 /27.02.19 (Esti Rate)<br>M.Book No: 162/2018-19<br>അടങ്കൽ/ ചെലവ്: 300000/ 299987<br>Vr.No: 37/2019-20/27.09.19<br>കരാറുകാരൻ: മുഹമ്മദ് അലി പി.ടി | 184.20 $M^2$<br>(Esti. Item No.3) | 113914/-<br>(@618.43/$m^2$) | 90676/-<br>(@492.27/$m^2$) | 23238/- |

പ്രവൃത്തിയിൽ 23238/-രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

3. പ്രൊജക്ട്: പ്രളയാനന്തരം- പി എച്ച് സി കെട്ടിടം മെയിന്റനൻസ് (283/20)

| പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| TS No: 92066/2019-20 (Cost Index 31.06%)<br>Agri.No: 78/AE/19-20 /15.01.20(Esti Rate.)<br>M.Book No: 78/2019-20<br>അടങ്കൽ/ ചെലവ്: 250000/ 200415<br>Vr.No: 1907760/29.03.2020<br>കരാറുകാരൻ: അനീസ് പി | 99.45 $M^2$<br>(Esti. Item No.3) | 67703/-<br>(@607.83/$m^2$ +12%gst) | 54163/-<br>(@486.28/$m^2$ +12%gst) | 13540/- |

13540/-രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ഓഡിറ്റ് എൻക്വയറി നമ്പർ 5/24.03.2022] ലഭ്യമാക്കിയ മറുപടിയിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്കാണ് നൽകിയിട്ടുള്ളത് എന്നും ഭാവിയിൽ അപാകത ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ ഇല്ലാത്തതിനാൽ പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമാണ് നിരക്കിൽ വ്യത്യാസം വന്നത്.

## 1-28 മമ്പാട് നോർത്ത് ജി.എൽ.പി.സ്കൂൾ മെയിന്റനൻസ്- നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| TS No: | 31445/2017-18 (Cost Index 40.2%) |
| Agri.No: | 90/AE/17-18/19.12.2017 (Esti Rate) |
| M.Book No: | 90/17-18 |
| അടങ്കൽ/ ചെലവ്: | 300000/ 299029 |
| Vr.No: | 10/2019-20/21.01.2020 |
| കരാറുകാരൻ: | അബ്ദുൽ ലത്തീഫ് |

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും, മൂല്യ നിർണ്ണയം നടത്തി കരാറുകാരന് തുക അനുവദിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകളുണ്ട്.

### 1-28-1 ഒബ്സർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- കരാറുകാർക്ക് അധിക തുക നൽകി.

ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യുതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ

നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന്റെ നിരക്ക് മാത്രമെ കണക്കാക്കിയിട്ടുള്ളൂ. ആയതിനാൽ 0.35 Mm കനമുള്ള ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സർവ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.92 |
| Total | | | | | 396.73 |
| Add CPOH 15% | | | | | 59.51 |
| Cost Index 40.2% (Excluding MR) | | | | | 38.88 |
| Total | | | | | 495.12 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|
| 75.42 $M^2$ (Esti. Item No.7) | 47024/- (@623.49/$m^2$) | 37342/- (@495.12/$m^2$) | 9682/- |

9682/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ഓഡിറ്റ് എൻക്വയറി നമ്പർ 7/24.03.2022] ലഭ്യമാക്കിയ മറുപടിയിൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉള്ള നിരക്കാണ് നൽകിയിട്ടുള്ളത് എന്നും ഭാവിയിൽ അപാകത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ ഇല്ലാത്തതിനാൽ പഞ്ചായത്തിൽ ഉണ്ടാക്കിയിട്ടുള്ള ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമാണ് അധിക ചെലവുണ്ടായത്.

## 1-28-2 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൻമേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാറുകാരന്റെ വീഴ്ച മൂലം കരാർ കാലയളവിൽ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|
| PAC: 300000/-<br>സൈറ്റ് കൈമാറിയത്: 19.12.2017<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.06.2018<br>പൂർത്തീകരിച്ച തിയ്യതി: 15.03.2019 | 13933/-<br>[ie, 01.07.18 To 30.09.18 (1%PAC)= 3000<br>01.10.18 To 31.12.18 (2%PAC) = 6000<br>01.01.19 To 15.03.19 (2%PAC) = 4933] |

ഫൈൻ ഇനത്തിൽ 13933/-രൂപ ഈടാക്കേണ്ടതാണ്.
പിഴ ഈടാക്കാതെ കരാറുകർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ മേൽ പ്രവർത്തികൾ കരാർ പ്രകാരം കൊറോണ മൂലമുള്ള ലോക് ഡൗണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021/LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിനോ, 2019 ഓഗസ്റ്റിന് മുമ്പ് പൂർത്തീകരിക്കേണ്ടതിനാൽ പ്രളയം മൂലമുള്ള പരിഗണനകൾക്കോ അർഹമല്ല. ആയതിനാൽ തുക ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [ഓഡിറ്റ് എൻക്വയറി 7/24.03.2022] ലഭ്യമാക്കിയ മറുപടിയിൽ, ഓഡിറ്റ് എൻക്വയറി നൽകിയതിന് ശേഷം കരാറുകാരിൽ നിന്നും കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ വാങ്ങി ആയത് ഓഡിറ്റിന് സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത അപേക്ഷയിൽ സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും, കാലാവധി നീട്ടി നൽകണമെന്നും അപേക്ഷിക്കുയാണ് ചെയ്തിട്ടുള്ളത്.
കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ, കരാർ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാനുമാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ മറുപടി പരിഗണിക്കാൻ കഴിയില്ല. ഫൈൻ ഈടാക്കി ആയത് തനത് വരുമാനത്തിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-29 പൊതുമരമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 196 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 89 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 196 | ആകെ അടങ്കൽ | 40891019 |

| | | | |
|---|---|---|---|
| നടപ്പിലാക്കിയത് | 89 | ചെലവ് | 17012858 |
| ശതമാനം | 45 | ചെലവ് ശതമാനം | 42 |

പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ടുകൾ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2. റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രൊ. നം.129/20 : കന്നുകുട്ടി പരിപാലന പദ്ധതി
ചെലവ് തുക. 262500

ബിൽ നം.5/19-20/12-11-19 Rs. 260000
ചെക്ക് നമ്പർ :4896097/12-11-2019 Rs. 2500
മേൽ പദ്ധതി പ്രകാരം 262500/-രൂപ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ, Regional Animal Husbandary Centre, Nilambur ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. APO ആയതിന് 18-1-20, 11-2-20 എന്നീ തീയ്യതികളിലെ 954036, 954040954023/09541 നമ്പർ TR5 രസീതിയും നല്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇൻഷുറൻസ് പ്രീമിയമിനത്തിൽ ചെവഴിച്ച 12,600 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്. ക്ഷീരസംഘങ്ങൾ ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ഓരോ ഗുണഭോക്താവിനും എത്ര മാസം കാലിത്തീറ്റ നൽകിയെന്നത് വ്യക്തമല്ല. 4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള കന്ന് കുട്ടിയുടെ ഉടമസ്ഥന് 24 മാസം വരെ അല്ലെങ്കിൽ അത് വളർന്ന് പ്രസവിക്കുന്നത് വരെ (ഇതിൽ ഏതാണ് ആദ്യം) ഗുണമേന്മയുള്ള കാലിത്തീറ്റ പാലുല്പാദന സഹകരണ സംഘങ്ങളിലൂടെ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. 42 ഗുണഭോക്താക്കളിൽ ആരുടെയെങ്കിലും പശുക്കൾ ഇക്കാലയളവിനുള്ളിൽ ചത്തിട്ടുണ്ടെങ്കിൽ സബ്സിഡിയിനത്തിൽ മുൻകൂറായി അടവാക്കിയ തുകയിൽ അവശേഷിക്കുന്ന തുക ഗ്രാമ പഞ്ചായത്തിന് തിരികെ നൽകാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

2-പദ്ധതി മോണിറ്ററിംഗ് ചെയ്യുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/ത.സ്വ.ഭ.വ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

3-വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/30.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 262500/-രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 24.3.2022 മുതൽ 26.03.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 160000 | ലൈഫ് ഭവന പദ്ധതി എസ്.റ്റി(33/20) | 160000 | 0 |
| ജില്ല പഞ്ചായത്ത് | 344800 | ലൈഫ് ഭവന പദ്ധതി എസ്.സി(223/20) | 344800 | 0 |
| ജില്ല പഞ്ചായത്ത് | 750000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (87/20) | 750000 | 0 |
| ജില്ല പഞ്ചായത്ത് | 5000000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ ജനറൽ(327/20) | 5000000 | 0 |
| ജില്ല പഞ്ചായത്ത് | 1125000 | ലൈഫ് ഭവന പദ്ധതി എസ്.സി(32/20) | 1125000 | 0 |
| ജില്ല പഞ്ചായത്ത് | 225000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ എസ്.സി(329/20) | 225000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 612000 | നെൽകൃഷി വികസനം(8/20) | 612000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 580000 | ലൈഫ് ഭവന പദ്ധതി എസ്.സി(32/20) | 580000 | 0 |

| | | | | |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 600000 | ലൈഫ് ഭവന പദ്ധതി ജനറൽ(31/20) | 600000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 408999 | മമ്പാട് ഒറവൻകുഴി എസ്.സി കോളനി റോഡ് കോൺക്രീറ്റ്(269/20) | 408999 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 3000000 | ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ ജനറൽ(327/20) | 3000000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 05/19-20 സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് KSEBയിലേക്ക് തുക നിക്ഷേപിക്കൽ | 17/21.10.19 | 300000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 300000 | 0 |
| KWA | 153/19-20 തോട്ടിൻകര KWA പൈപ്പ് ലൈൻ നീട്ടൽ | 23/16.01.20 | 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 100000 |
| KWA | 154/19-20 ടാണ KWA പൈപ്പ്ലൈൻ നീട്ടൽ | 24/16.01.20 | 100000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 100000 |
| KWA | 156/19-20 നടുവക്കാട് KWA പൈപ്പ് ലൈൻ നീട്ടൽ | 22/21.01.20 | 40000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 0 | 40000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്- | G.O.MS. | 4332738 | 17073219 | 1470588 | - | 19935369 |

| | | | | | | |
|---|---|---|---|---|---|---|
| KUDFC | 68/2018/LSGD Dt.18.5.2018 | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12 /3(1) | 2014-15 അധ്യായം – 4 | നിഷ്ക്രിയ ആസ്തികൾ അവലോകനം. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2011-12/ 3(2) | 2014-15 അധ്യായം – 4 | മണൽ വാരൽ അവലോകനം. | |
| 2015-16/3(21) | 2016-17 | മരാമത്ത് പ്രവൃത്തികൾ മാർക്കറ്റ് നിരക്ക് പരിഗണിക്കാത്തതിനാൽ അധിക ചെലവ് | |
| 2014-15/3(1) | 2015-16 | വെള്ളക്കരം അവലോകനം | |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | സർട്ടിഫിക്കറ്റ് നമ്പർ, തിയ്യതി. | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | തുക |
|---|---|---|---|---|
| 2007- 08 | 3-7 | LF 8584/ Spl.cell/SCD1/12 26.9.14 | K.k.മുഹമ്മദ് ഷരീഫ് സെക്രട്ടറി. | 18680 |

## 4-9 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6940/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2001-2002 | 2-11 | 480 | കെ.അരവിന്ദാക്ഷൻ | 119050100788/28.5.19 |
| 2001-2002 | 2-18 | 464 | ലിപി.പി | 119050100789/28.5.19 |
| 2004-05 | 3-3.4 | 492 | അബ്ദുൽ ഗഫൂർ കെ.എ | 119050100792/29-5-19 |
| 1999-2000 | 3-3.1 | 800 | എം.ജിനചന്ദ്രൻ | 119050100864/3-6-19 |
| 2018-19 | 2-6 | 1194 | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി മമ്പാട് | 119050101261/27-6-19 |
| 2018-19 | 2-6 | 3510 | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി മമ്പാട് | 119050101261/27-6-19 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109379009 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85437616 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 677742 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 175242 | മുരളീധരൻ പി.കെ,അസി.സെക്രട്ടറി |
| 1-20 | 240000 | അവിസന്ന.പി, സെക്രട്ടറി |
| 1-31 | 262500 | സൂരജ്.സി, വെറ്ററിനറി സർജൻ |
| ആകെ | 677742 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1995-96 | കെ.എസ്.എ .എം.പി.എം10/169/18/05.09.18 | 7 |
| 2 | 2001-02 | കെ.എസ്.എ .എം.പി.എം10/138/19/28.12.20 | 09 |
| 3 | 2002-03 | കെ.എസ്.എ .ഏം.പി.എം10/138/19/28.12.20 | 2 |
| 4 | 2004-05 | കെ.എസ്.എ .ഏം.പി.എം10/1469/19(2 /21.12.20 | 2 |
| 5 | 2005-06 | കെ.എസ്.എ.ഏം.പി.എം10/1469/19/21.12.20 | 2 |
| 6 | 2006-07 | കെ.എസ്.എ .ഏം.പി.എം10/1516/19(1 /21.12.20 | 6 |
| 7 | 2007-08 | കെ.എസ്.എ .ഏം.പി.എം10/1516/19(2)/21.12.20 | 8 |
| 8 | 2008-09 | കെ.എസ്.എ .ഏം.പി.എം10/1891/19(1)/21.12.20 | 7 |
| 9 | 2009-10 മുതൽ | കെ.എസ്.എ .ഏം.പി.എം10/1891/19(2)/21.12.20 | 29 |

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| | 2010-11 വരെ | | |
| 10 | 2011-12 | കെ.എസ്.എ .ഏം.പി.എം10/392/20/21.12.20 | 7 |
| 11 | 2012-13 ന 2013-14 വരെ | എൽ.എഫ്.എം.7/1410/2015/22.04.16 | 27 |
| 12 | 2014-15 | കെ.എസ്.എ.എം.പി.എം.26/731/2016 തി.08.03.17 | 18 |
| 13 | 2015-16 | കെ.എസ്.എ.എം.പി.എം.26/3447/2016 തി.23.03.18 | 22 |
| 14 | 2016-17 | കെ.എസ്.എ.എം.പി.എം.10/1803/2017 തി.13.07.18 | 26 |
| 15 | 2017-18 | കെ.എസ്.എ.എം.പി.എം.10/498/2019 തി.06.05.19 | 23 |
| 16 | 2018-19 | കെ.എസ്.എ.എം.പി.എം.10/1759/2019 തി.29.06.20 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

എൽ. 5/22

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്